**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ , കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം**
**ഹാജർ :- സുഭാഷ് . റ്റി .വി ഐ.എ.എസ്.**

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് തസ്തികയിൽ 2022 വർഷത്തെ അന്തർ ജില്ലാ സ്ഥലമാറ്റത്തിനുള്ള (Inter District Transfer) പൊതുസ്ഥലമാറ്റത്തിന്റെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

പരാമർശം :-
1. സർക്കാർ ഉത്തരവ് (P) നമ്പർ 3/2017/P&ARD തീയതി 25.2.2017.
2. സർക്കാർ ഉത്തരവ് (RT) നമ്പർ 147/2022/Agri തീയതി 21.02.22.
3. ഈ ഓഫീസിലെ സർക്കുലർ നമ്പർ SA ( 2) 762/21 തീയതി 16.3.2022.
4. സർക്കാർ ഉത്തരവ് (MS) നമ്പർ 42/21/Agri തീയതി 26.2.2021.
5. സർക്കാർ ഉത്തരവ് (RT) നമ്പർ 257/2022/Agri തീയതി 27.3.2022.nanthapuram
6. ബഹു KAT-യുടെ ഉത്തരവ് നമ്പർ OA 657/ 2022 തീയതി .2.8.2022.
7. ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ തീയതി . 19.9.2022.

**ഉത്തരവ് നമ്പർ എസ്. ഇ (3) 6953/20 തീയതി 30.9.2022**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ കൃഷി അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ 2022- വർഷത്തെ അന്തർ ജില്ലാ സ്ഥലമാറ്റം (Inter District Transfer) SPARK - സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു . ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 7 പ്രകാരമുള്ള സർക്കുലർ പ്രകാരം വകുപ്പിലെ കൃഷി അസിസ്റ്റന്റ് തസ്തികയിലെ 2022- വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള അന്തർ ജില്ലാ സ്ഥലമാറ്റത്തിന്റെ ( Inter District Transfer) അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുകയും , പ്രസ്തുത അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യുന്നതിന് നിർദേശം നൽകുകയും ചെയ്തിരുന്നു .

മേൽ വിവരിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മേലധികാരികളുടെ ശുപാർശയോട് കൂടി ഓൺലൈനായി ഈ ഓഫീസിൽ ലഭിച്ച കൃഷി അസിസ്റ്റന്റ് തസ്തികയിലെ പൊതുസ്ഥലമാറ്റ അപേക്ഷകൾ SPARK- മുഖേന പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രോസസ്സ് ചെയ്തു ലഭിച്ച കൃഷി അസിസ്റ്റന്റ് തസ്തികയിലെ 2022- വർഷത്തെ അന്തർ ജില്ലാ സ്ഥലമാറ്റത്തിനുള്ള പൊതുസ്ഥലമാറ്റത്തിന്റെ കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.in - ൽ പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു .

ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ / DDO-മാർ കരട് ലിസ്റ്റ് പരിശോധിച്ച് തങ്ങളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ നിലവിലെ ഔദ്യോഗിക മേൽ വിലാസത്തിൽ വ്യത്യാസമുണ്ടെങ്കിൽ ആ വിവരം agrigeneraltransfer@gmail.com എന്ന ഇ - മെയിൽ വിലാസത്തിൽ പൊതുസ്ഥലമാറ്റം 2022- കരട് ലിസ്റ്റിലെ അപാകത എന്ന വിഷയം രേഖപ്പെടുത്തി **12.10.2022 തീയതി വൈകുന്നേരം** 5- മണിക്ക് മുമ്പായി അറിയിക്കേണ്ടതാണ് .

കരട് ലിസ്റ്റിന്മേലുള്ള പരാതികൾ / ആക്ഷേപങ്ങൾ **12.10.2022 തീയതി വരെ** agrigeneraltransfer@gmail.com എന്ന ഇ മെയിലിൽ മാത്രം പൊതുസ്ഥലമാറ്റം 2022- കരട് ലിസ്റ്റിലെ പരാതി / ആക്ഷേപം എന്ന വിഷയം രേഖപ്പെടുത്തി സമർപ്പിക്കാവുന്നതാണ് . ഈ തീയതിക്ക് ശേഷം ലഭിക്കുന്ന പരാതികൾ ആക്ഷേപങ്ങൾ എന്നിവ സ്വീകരിക്കുന്നതല്ല

Sd/-

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ**

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

ബന്ധപ്പെട്ട ജീവനക്കാർക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന)
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
പകർപ്പ് :-

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (IT CELL)
ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി